# കേരള സർവകലാശാല

നം.പി.ആർ.144/2020 ഫോൺ: 2305738

## പത്രക്കുറിപ്പ്

### യു.ജി പ്രവേശനം
### എയ്ഡഡ് കോളേജുകളിൽ കമ്മ്യൂണിറ്റി ക്വാട്ട സീറ്റുകളിലേക്ക് അപേക്ഷിക്കാനുള്ള അവസാന തീയതി ആഗസ്റ്റ് 17

എയ്ഡഡ് കോളേജുകളിലെ കമ്മ്യൂണിറ്റി ക്വാട്ട സീറ്റുകളിലേക്ക് ബന്ധപ്പെട്ട വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് ഓൺലൈനായി ആഗസ്റ്റ് 17 വരെ അപേക്ഷിക്കാം. കേന്ദ്രീകൃത അലോട്ട്മെന്റിനായി ഓൺലൈൻ അപേക്ഷ പൂർത്തിയാക്കിയവർക്ക് വീണ്ടും ലോഗിൻ ചെയ്ത ശേഷം പ്രൊഫൈലിലെ 'കമ്മ്യൂണിറ്റി ക്വാട്ട' ലിങ്ക് ഉപയോഗിച്ച് താൽപര്യമുള്ള വിഷയങ്ങൾ/കോളേജുകൾ പ്രത്യേക ഓപ്ഷനായി നൽകാവുന്നതാണ്. വിദ്യാർത്ഥിയുടെ കമ്മ്യൂണിറ്റി അടിസ്ഥാനമാക്കി അവർക്ക് അപേക്ഷിക്കാൻ സാധിക്കുന്ന കോളേജുകൾ മാത്രമേ ഇവിടെ ഓപ്ഷനായി കാണിക്കുകയുള്ളൂ. ഓപ്ഷനുകൾ നൽകിയതിനുശേഷം സേവ് ചെയ്ത് അതിന്റെ പ്രിന്റൗട്ടെടുത്ത് തുടർ ആവശ്യങ്ങൾക്കായി സൂക്ഷിക്കുക. പ്രിന്റൗട്ടിന്റെ പകർപ്പ് കോളേജിലോ സർവകലാശാലയിലോ അയയ്ക്കരുത്. അഡ്മിഷൻ സമയത്ത് കോളേജിൽ ഹാജരാക്കേണ്ടതാണ്.

### പരീക്ഷാഫലം

2019 ഡിസംബറിൽ നടത്തിയ അഞ്ചാം സെമസ്റ്റർ യൂണിറ്ററി ത്രിവത്സര എൽ.എൽ.ബി പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണ്ണയത്തിനുമുള്ള അപേക്ഷകൾ ആഗസ്റ്റ് 13 ന് മുൻപായി ഓൺലൈനായി സമർപ്പിക്കേണ്ടതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

2019 ഡിസംബറിൽ നടത്തിയ ആറാം സെമസ്റ്റർ എം.ബി.എൽ പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയക്കുള്ള അപേക്ഷകൾ ആഗസ്റ്റ് 13 ന് മുൻപായി സർവകലാശാല ഓഫീസിൽ ഓഫ്ലൈനായി സമർപ്പിക്കേണ്ടതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## ഫാക്കൽറ്റി ഡെവലപ്മെന്റ് പ്രോഗ്രാം

കാര്യവട്ടം, യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗ് 'എമർജിംഗ് ട്രെൻഡ്സ് ഇൻ മെഷീൻ ലേണിംഗ്' എന്ന വിഷയത്തിൽ സംഘടിപ്പിക്കുന്ന ഓൺലൈൻ ഫാക്കൽറ്റി ഡെവലപ്മെന്റ് പ്രോഗ്രാമിന്റെ ഉദ്ഘാടനം സിൻഡിക്കേറ്റംഗവും യു.സി.ഇ.കെ കൺവീനറുമായ ശ്രീ.ജയരാജ്.ജെ ആഗസ്റ്റ് 5 ന് ഉച്ചയ്ക്ക് 2.00 മണിക്ക് നിർവ്വഹിക്കും. കോളേജ് പ്രിൻസിപ്പൾ ഡോ.ബിഷാരത്ത് ബീവി. എ അദ്ധ്യക്ഷത വഹിക്കും.

**പബ്ലിക്ക് റിലേഷൻസ് ഓഫീസർ**

**തിരുവനന്തപുരം**
**04.08.2020**

**e-mail:** ku.release@gmail.com **website:** www.keralauniversity.ac.in

**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**